"ഭരണഭാഷ-മാതൃഭാഷ"

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

General_G4-10485/2023/PrHQ-939 **തീയതി :** 11-04-2023

**കൊട്ടേഷൻ നോട്ടീസ്**

***ജയിൽ ആസ്ഥാനകാര്യാലയത്തിലെ 3 (മൂന്ന്) എയർ കണ്ടീഷനറുകൾ അറ്റകുറ്റപണികൾ ചെയ്ത് പ്രവർത്തനക്ഷമം ആക്കുന്നതിന് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മുദ്രവച്ച കൊട്ടേഷനുകൾ ക്ഷണിക്കുന്നു.***

| | |
|---|---|
| കൊട്ടേഷൻ നം. | G4-10485/2021 |
| കൊട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 27/04/2023, 02 PM |
| കൊട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും | 27/04/2023- 4.00 PM |
| രേഖപ്പെടുത്തുന്ന നിരക്ക് പ്രാബല്യത്തിലുണ്ടായിരിക്കേണ്ട കാലയളവ് | 03 മാസം |
| കൊട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | ഡയറക്ടർ ജനറൽ , പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, ജയിൽ ആസ്ഥാനകാര്യാലയം, തിരുവനന്തപുരം-695 012 |
| കൊട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് **'ജയിൽ ആസ്ഥാനകാര്യാലയത്തിലെ എയർ കണ്ടീഷ്നർ** റിപ്പയർ **ചെയ്യുന്നതിനുള്ള കൊട്ടേഷൻ'** എന്ന് എഴുതേണ്ടതാണ്. | |

പ്രവൃത്തിയെ സംബന്ധിച്ചുള്ള വിശദാംശം

.

| **ക്രമ നം.** | **ഓഫീസ് സെക്ഷൻ** | **കപ്പാസിറ്റി (ടൺ)** | **തകരാർ** |
|---|---|---|---|
| 1 | Administrative Officer's Cabin | 02 TR | കംപ്രസ്സർ തകരാർ, മറ്റ് അനുബന്ധ പ്രവർത്തികളും |
| 2 | CA to DIG's Cabin | 01 TR | ഗ്യാസ് ലീക്കേജ്, മറ്റ് അനുബന്ധ പ്രവർത്തികളും |
| 3 | Chief Welfare Officer's Cabin | 02 TR | Condensor Complaint,ഗ്യാസ് ലീക്കേജ്, മറ്റ് അനുബന്ധ പ്രവർത്തികളും. |

## നിബന്ധനകളും വ്യവസ്ഥകളും

- 27/04/2023- 2 PM ന് ശേഷം ലഭിക്കുന്ന ക്വൊട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ലഭിച്ച ക്വൊട്ടേഷനുകൾ ടി ദിവസം 4 PM ഹാജരുള്ള ക്വൊട്ടേഷൻ സമർപ്പിച്ച സ്ഥാപനത്തിന്റെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.
- തകരാറുള്ള ഉപകരണ ഭാഗങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും സർവ്വീസ് ചാർജ്ജും ഉൾപ്പെടെയുള്ള തുകയാണ് രേഖപ്പെടുത്തേണ്ടതാണ്.
- രേഖപ്പെടുത്തുന്ന നിരക്ക് എല്ലാവിധ ടാക്സും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടെയായിരിക്കണം.
- ക്വൊട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്.
- ക്വൊട്ടേഷൻ സമർപ്പിക്കുന്ന സ്ഥാപനത്തിന്, ക്വൊട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയ്ക്ക്, ടി മേഖലയിൽ രണ്ട് വർഷത്തെയെങ്കിലും പ്രവർത്തിപരിചയം ഉണ്ടായിരിക്കേണ്ടതാണ്. ടി കാലയളവിൽ ഏതെങ്കിലും സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സർവ്വീസ് നടത്തിയതിന്റെ രേഖകളുടെ പകർപ്പ് ക്വൊട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.
- ക്വൊട്ടേഷൻ അംഗീകരിച്ച് വർക്ക് ഓർഡർ നൽകി 7 ദിവസത്തിനകം എ.സികൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.
- **വാറന്റി** - മാറ്റി സ്ഥാപിക്കുന്ന ഉപകരണ ഭാഗങ്ങൾ:- കംപ്രസ്സറിന് 2 വർഷവും വാറന്റി ഉണ്ടായിരിക്കേണ്ടതാണ്. വാറന്റി കാലയളവിൽ ടി ഉപകരണ ഭാഗങ്ങൾക്കുള്ള തകരാറുകൾ ജയിൽ വകുപ്പിന് സാമ്പത്തിക ബാധ്യത കൂടാതെ പരിഹരിക്കേണ്ടതാണ്.
- മാറ്റി സ്ഥാപിക്കുന്ന ഉപകരണ ഭാഗങ്ങൾക്ക് വാറന്റി കാലയളവിലുണ്ടാകുന്ന തകരാറുകൾ, റിപ്പോർട്ട് ചെയ്ത് 24 മണിക്കൂറുകൾക്കകം (അവധി ദിനങ്ങൾ ഒഴികെ) പരിഹരിക്കേണ്ടതാണ്.
- മാറ്റി സ്ഥാപിക്കുന്ന ഉപകരണങ്ങൾ / ഉപകരണ ഭാഗങ്ങൾ പുതിയതും ഗുണനിലവാരത്തിൽ നിലവിലുള്ള സ്പെയർ പാർട്സിന് തുല്യമോ അതിനേക്കാൾ മികച്ചതോ ആയിരിക്കേണ്ടതുമാണ്.
- പേയ്മെന്റ് വ്യവസ്ഥ:- ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചും ആവശ്യമായ മറ്റ് പ്രവൃത്തികൾ ചെയ്തും എ.സി പ്രവർത്തനക്ഷമമാക്കിയശേഷം തുക അനുവദിയ്ക്കുന്നതാണ്.
- ക്വൊട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് ജയിൽ ആസ്ഥാനകാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്.
- ക്വൊട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും പൂർണ്ണമായ അധികാരം സ്ഥാപനമേധാവിയിൽ നിക്ഷിപ്തമായിരിക്കും.
- കാരണം കൂടാതെ തന്നെ ക്വൊട്ടേഷൻ നോട്ടീസ് റദ്ദ് ചെയ്യുവാൻ സ്ഥാപനമേധാവിയ്ക്ക് അധികാരമുണ്ടായിരിക്കും. പ്രസ്തുത അധികാരം ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

ക്വട്ടേഷൻ പ്രസിദ്ധപ്പെടുത്തുന്നത്

1) നോട്ടീസ് ബോർഡ്,ജയിൽ ആസ്ഥാനകാര്യാലയം
2) ജയിൽ വകുപ്പ് വെബ്സൈറ്റ്
3) നോട്ടീസ് ബോർഡ്, കോർപ്പറേഷൻ ഓഫീസ്, തിരുവനന്തപുരം.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

G4-10485/2023/PrHQ

63829c